# കുവൈത്ത് പ്രധാനമന്ത്രിക്കെതിരെ വീണ്ടും കുറ്റവിചാരണ നോട്ടീസ്



# അംബാസഡർ ദീപാ ഗോപാലൻ ദോഹയിലെത്തി



## ജനാദിരിയ്യ ഉത്സവം നാളെ തുടങ്ങും

## സ്വകാര്യ ഏജൻസിക്ക് കോൺസുലർ സേവനങ്ങൾ നൽകിയതിനെതിരെ വ്യാപക പരാതി

## ഖത്തറിൽ വിദേശ തൊഴിലാളികൾക്ക് പാസ്പോർട്ട് സ്വയം സൂക്ഷിക്കാം

## വാഹനം ദേഹത്ത് വീണ് ഗുരുതരാവസ്ഥയിലായ കൊല്ലം സ്വദേശി സഹായം തേടുന്നു









# മതത്തെ സ്വകാര്യവത്കരിക്കരുത് -ഡോ. ഹുസൈൻ മടവൂർ



# വാഹനം ദേഹത്ത് വീണ് ഗുരുതരാവസ്ഥയിലായ കൊല്ലം സ്വദേശി സഹായം തേടുന്നു



ചാംസൺ ആൽബർട്ട് ആസ്പത്രിക്കിടക്കയിൽ

**അബുദാബി:** കൊല്ലം തിരുമുല്ലവാരം സ്വദേശി ചാംസൺ ആൽബർട്ട് (20) അബുദാബിയിൽ സുമനസ്സുകളുടെ സഹായം തേടുന്നു. കഴിഞ്ഞമാസം ജോലിസ്ഥലത്ത് വെച്ച്, പഞ്ചറായ വണ്ടിയുടെ ടയർ മാറ്റുന്നതിനിടെ, വാഹനത്തിന് വെച്ച ജാക്കി തെന്നി വാഹനം ശരീരത്തിൽ വീണ് അരയ്ക്ക് താഴെ തകർന്ന അവസ്ഥയിലാണ് ചാംസൺ.

അബുദാബി മഫ്റക് ആസ്പത്രിയിൽ 22 ദിവസമായി കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ ആകാതെ നിസ്സഹായാവസ്ഥയിൽ കഴിയുകയാണ് ചാംസൺ.

ഇനിയൊന്നും ചെയ്യാനില്ലെന്നും ചാംസണെ നാട്ടിലയയ്ക്കുകയേ നിർവാഹമുള്ളൂവെന്നുമാണ് ആസ്പത്രിയിൽ ചാംസണെ ചികിത്സിക്കുന്ന ഡോക്ടർമാർ പറയുന്നത്.

കമ്പനിയിൽ നിന്ന് ഉത്തരവാദപ്പെട്ട ആരും തിരിഞ്ഞുനോക്കാതിരുന്ന ചാംസണെ ഒപ്പം നിന്ന് പരിചരിക്കുന്നത് കൂടെ ജോലിചെയ്യുന്ന സുഹൃത്തും നാട്ടുകാരനുമായ സനോജ് ആണ്. മൂന്നു മാസം മുമ്പാണ് തിരുവനന്തപുരത്തെ ഒരു ട്രാവൽ ഏജൻറ് വഴി ചാംസൺ അബുദാബിയിലെത്തിയത്. അബുദാബിയിൽ ഒരു റെഡിമിക്സ് കമ്പനിയിൽ 500 ദിർഹം ശമ്പളത്തിലാണ് ചാംസൺ ജോലിചെയ്യുന്നത്. ഇതിൽ നിന്ന് ഭക്ഷണത്തിനുള്ള തുകയും ചാംസൺ കണ്ടെത്തണമായിരുന്നു.

അബുദാബയിലെ എമിറേറ്റ് ഹോക്കസ് എന്ന ക്രിക്കറ്റ് ക്ലബിലെ അംഗങ്ങൾ ചാംസന്റെ ദുരന്തകഥ അറിഞ്ഞ് ചാംസന്റെ പ്രശ്നങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്.

ചാംസനെ നാട്ടിലയച്ച് വിദഗ്ധ ചികിത്സയ്ക്ക് വഴിയൊരുക്കാൻ ശ്രമിക്കുകയാണ് ക്രിക്കറ്റ് ക്ലബ് അംഗങ്ങൾ. ഹൃദ്രോഗിയായ അച്ഛനും അമ്മയും ഒരു സഹോദരനുമടങ്ങുന്ന കുടുംബത്തിന്റെ അത്താണിയാണ് ചാംസൺ ആൽബർട്ട്. ചാംസണെ സഹായിക്കാൻ താത്പര്യമുള്ളവർക്ക് റോജാ ജോസ് (050-6929156), സുജിത് (050-6258598) എന്നിവരുമായി ബന്ധപ്പെടാം.